റോഡുകളുടെ വികസനത്തിനും പുന നിർമ്മാണത്തിനുമായി ലോക ബാങ്കിന്റെ സഹായം

446 [483] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകളുടെ വികസനത്തിനും പുന നിർമ്മാണത്തിനുമായി ലോക ബാങ്കിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി വിശദീകരിക്കുമോ;

(സി) ഈ സഹായം ഏതുവിധത്തിൽ വിലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ചെറുകിട ഇടത്തരം പട്ടണങ്ങളുടെ വികസനത്തിനുള്ള സ്കീമിൽ സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്;

(ഇ) ഈ പദ്ധതിയിൽ തൃശ്ശൂർ പട്ടണത്തെ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്

(ബി, സി) ലോകബാങ്ക്, ഹഡ്കോയും സംസ്ഥാന ഗവൺമെന്റും ചേർന്ന് തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ അധിവാസ യോഗ്യവും ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗ്യവുമായ പ്ലോട്ടുകൾ ഗതാഗതം, ഡ്രെയിനേജ്, സാനിറേറി ചുറ്റുപാടുകൾ, കുടിനീർ മുതലായ സൗകര്യങ്ങളോടുകൂടി വിതരണം ചെയ്യുകയും ധാരാളം കുടുംബങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ചേരി നിർമ്മാർജ്ജനം നടത്തുകയും ചെയ്യുന്നതിനുവേണ്ട ഒരു ബൃഹത്തായ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതിനു ശേഷം വിശദവിവരങ്ങൾ തീരുമാനിക്കുന്നതാണ്.

(ഡി) കോട്ടയം, ഗുരുവായൂർ, തലശ്ശേരി, തൃശ്ശൂർ, കായംകുളം, തിരൂർ, ചങ്ങനാശ്ശേരി, മലപ്പുറം, വടകര, തൊടുപുഴ, മഞ്ചേരി എന്നീ പ്രദേശങ്ങൾ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉൾപ്പെടുത്തിയിട്ടുണ്ട്.

മുനിസിപ്പാലിറ്റികൾ

447 [484] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിലുകൾ നിലവിലില്ലാത്ത മുനിസിപ്പാലിറ്റികൾ സംസ്ഥാനത്ത് എത്രയുണ്ട്;

(ബി) തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി വാർഡ് വിഭജനം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വാർഡ് വിഭജനം പൂർത്തിയാവും എന്നു പറയാമോ;

(ഡി) 25-5-1987-നു മുൻപ് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 42 മുനിസിപ്പാലിറ്റികളിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളില്ല.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കഴിയുന്നത്ര വേഗത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ മുനിസിപ്പാലിറ്റി

448 [485] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

തൃശ്ശൂർ മുനിസിപ്പാലിറ്റിയെ ഒരു കോർപ്പറേഷനായി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

തൃശ്ശൂർ മുനിസിപ്പാലിറ്റിയെ കോർപ്പറേഷനായി ഉയർത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

അഡ്വക്കേറ്റ് ക്ഷേമനിധി

449 [486] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ക്ഷേമനിധിയിലേയ്ക്ക് 1985–86 വർഷം സർക്കാർ നൽകിയ തുക എത്ര;

(ബി) 31–3–1986 വരെ അഡ്വക്കേറ്റ് ക്ഷേമനിധിയിൽനിന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്;

(സി) അതിലേക്ക് ചെലവായ ആകെ തുക എത്ര യെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 5,00,000 രൂപ (അഞ്ചുലക്ഷം രൂപ)

(ബി) 189 പേർക്ക്

(സി) 16,28,500 രൂപ.

സ്വകാര്യമേഖലയിൽ അനുവദിച്ച സ്കൂളുകളും കോളേജുകളും

450 [487] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കേരളത്തിൽ സ്വകാര്യമേഖലയിൽ എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അവയിൽ ഹൈസ്കൂൾ, യു.പി., പ്രൈമറി എന്നിവ എത്ര വീതം;

(സി) സ്വകാര്യ മേഖലയിൽ അനുവദിച്ച കോളേജുകളെത്ര;

(ഡി) ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓരോകൊല്ലവും എത്ര തുക വീതമാണു ഖജനാവിൽ നിന്നു കൊടുക്കുന്നതെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly